പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3152

20.06.2014 ലെ മറുപടിയ്ക്ക്

## ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ കേരളത്തിലെ ഏതെല്ലാം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2013-14 വർഷം നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) ഓരോ വിളയ്ക്കും കർഷകൻ അടയ്ക്കേണ്ടുന്ന പ്രീമിയം തുക എത്രയാണ്; | (ബി) 2013-14 ഖാരിഫ് സീസണിൽ നെല്ലിന് ഹെക്ടറിന് 748.125 രൂപയും റാബി I സീസണിൽ 631.8 രൂപയും റാബി II സീസണിൽ 701.1 രൂപയും വാഴ ഹെക്ടറിന് ഖാരിഫ് സീസണിൽ 9754.65 രൂപയും റാബി I സീസണിൽ 10158.525 രൂപയും റാബി II സീസണിൽ 1034.1 രൂപയും മരച്ചീനി ഖാരിഫ് സീസണിൽ 18667.53 രൂപയും റാബി I സീസണിൽ 28869.75 രൂപയും റാബി II സീസണിൽ 26578.8 രൂപയും പ്രീമിയമായി കർഷകൻ അടയ്ക്കേണ്ടതുണ്ട്. |
| (സി) ദീർഘകാല വിളകളുടെ പ്രീമിയം അടയ്ക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്;<br>(ഡി) ഹ്രസ്വകാലവിളകളുടെ പ്രീമിയം അടയ്ക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്; | (സി) & (ഡി) 2013-14 വർഷത്തിൽ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഖാരിഫ് സീസണിലും റാബി സീസണിലും നെല്ല്, വാഴ, മരച്ചീനി എന്നീ മൂന്നു വിളകളെ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>2013-14 ഖാരിഫ് സീസണിൽ ഹ്രസ്വകാല വിളകളായ നെല്ല്, വാഴ, മരച്ചീനി എന്നിവയുടെ ഇൻഷ്വറൻസ് തുകയുടെ ഒരു നിശ്ചിത ശതമാനമാണ് പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നത്. നെല്ലിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.5%വും വാഴയ്ക്ക് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.65%വും മരച്ചീനിയ്ക്ക് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 4.9%വും പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. ഇപ്രകാരമുള്ള പ്രീമിയം തുകയുടെ 10% കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുകയും ബാക്കി തുക കർഷകനും നൽകേണ്ടതാണ്. |

2013-14 വർഷത്തെ റാബി സീസണിൽ ഹ്രസ്വകാല വിളകളായ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്ക് റാബി I സീസണിലും റാബി II സീസണിലും വ്യത്യസ്ത നിരക്കിൽ പ്രീമിയം നിശ്ചയിച്ചിരിക്കുന്നു. റാബി I സീസണിൽ നെല്ലിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2%വും വാഴയ്ക്ക് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 3.25%വും മരച്ചീനിയ്ക്ക് 7%വും പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നു. ഈ പ്രീമിയം തുകയുടെ 10% കേന്ദ്ര സംസ്ഥാന സർക്കാരും ബാക്കി തുക കർഷകനും വഹിക്കുന്നു. റാബി II സീസണിൽ നെല്ലിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2%വും വാഴയ്ക്ക് 3%വും മരച്ചീനിയ്ക്ക് 8%വും പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നു. ഈ പ്രീമിയം തുകയുടെ 10% കേന്ദ്ര സംസ്ഥാന സർക്കാരും ബാക്കി തുക കർഷകനും വഹിക്കുന്നു.

**(ഇ)** ഏതെല്ലാം പ്രതികൂല സാഹചര്യങ്ങളിലുണ്ടാകുന്ന വിളനാശത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്;

**(ഇ)** ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവ മൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദന നഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

**(എഫ്)** ഓരോ വിളയ്ക്കും ലഭ്യമാകുന്ന ഇൻഷ്വറൻസ് പരിരക്ഷ എപ്രകാരമാണെന്ന് വിശദീകരിക്കുമോ?

**(എഫ്)** ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി ഖാരിഫ് 2013 സീസണിൽ ഒരു ഹെക്ടറിലുളള വിളനാശത്തിന് നെല്ലിന് 33,250/- രൂപയും വാഴയ്ക്ക് 4,09,000/- രൂപയും മരച്ചീനിയ്ക്ക് 4,23,300/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു.

2013-14 റാബി I സീസണിൽ ഒരു ഹെക്ടറിലെ കൃഷിനാശത്തിന് നെല്ലിന് 35,100/- രൂപയും വാഴയ്ക്ക് 3,47,300/- രൂപയും മരച്ചീനിയ്ക്ക് 4,58,250/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു. 2013-14 റാബി II സീസണിൽ ഒരു ഹെക്ടറിലെ കൃഷിനാശത്തിന് നെല്ലിന് 38,950/- രൂപയും വാഴയ്ക്ക് 38,300/- രൂപയും മരച്ചീനിയ്ക്ക് 3,69,150/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു. 2014-15 വർഷത്തെ ഖാരിഫ് സീസണിലെ പദ്ധതി നടപടികൾ പൂർത്തീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.